<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനാലാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 571** **29.06.2015- ൽ മറുപടിക്ക്**

## "ചെറുകിട, ഇടത്തരം, വൻകിട വ്യവസായ സംരംഭങ്ങൾക്ക് നൽകിയ സഹായങ്ങൾ"

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) ചെറുകിട, ഇടത്തരം, വൻകിട വ്യവസായ സംരംഭങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് അനുവദിക്കുന്നത്; വിശദമാക്കുമോ; | എ) സംസ്ഥാനത്തെ ചെറുകിട, ഇടത്തരം, വൻകിട വ്യവസായ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും പുതിയ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.<br><br>1. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ /താലൂക്ക് /ബ്ലോക്ക് /പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നു.<br><br>2. സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു.<br>ധനകാര്യസ്ഥാപനങ്ങളിലേയ്ക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുന്നു.<br><br>3. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും |

ക്ലിയറൻസുകളും നേടി എടുക്കുന്നതിനു വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകി വരുന്നു.

4. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകി വരുന്നു.

5. വ്യവസായ എസ്റ്റേറ്റുകളിൽ, ലഭ്യത അനുസരിച്ച് വ്യവസായ സംരംഭകർക്ക് വ്യവസായ ഭൂമി ലഭ്യമാക്കുന്നു.

കൂടാതെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി സംരംഭകത്വ സഹായ പദ്ധതി (ESS - Entrepreneur Support Scheme) നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാണ്:

(i) പൊതു വിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നത് പരമാവധി 20 ലക്ഷം രൂപയാണ്.

(ii) വനിതാ സംരംഭങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗ സംരംഭങ്ങൾക്കും യുവ സംരംഭകർക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നത് പരമാവധി 30 ലക്ഷം രൂപയുമാണ്.

(iii) മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.

(iv) ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകി

| | | | |
|---|---|---|---|
| | | | വരുന്നു. |
| | | | (v) കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം അധിക സഹായം ലഭിക്കും. |
| ബി) | കഴിഞ്ഞ 4 വർഷത്തിനിടെ സംസ്ഥാനത്ത് എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഈ യൂണിറ്റുകൾക്ക് എത്ര രൂപയുടെ സഹായം അനുവദിച്ചു; വ്യക്തമാക്കുമോ; | ബി) | കഴിഞ്ഞ 4 വർഷത്തിനിടെ വ്യവസായ വാണിജ്യ വകുപ്പ്, കെ.എസ്.ഐ.ഡി.സി, സിഡ്കോ എന്നീ ഏജൻസികൾ മുഖേന ആരംഭിച്ച ചെറുകിട വ്യവസായ യൂണിറ്റുകളുടെ ജില്ല തിരിച്ചുള്ള വിശദ വിവരം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. |
| സി) | എത്ര വൻകിട വ്യവസായ യൂണിറ്റുകൾ കഴിഞ്ഞ 4 വർഷത്തിനിടെ സംസ്ഥാനത്ത് ആരംഭിച്ചു; അവ ഏതെല്ലാമാണ്; ഇവയ്ക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി; വിശദാംശം ലഭ്യമാക്കുമോ? | സി) | കഴിഞ്ഞ നാല് വർഷത്തിനിടെ കെ.എസ്.ഐ.ഡി.സി യുടെ സഹായത്തോടെ പ്രവർത്തനം ആരംഭിച്ച വൻകിട വ്യവസായ യൂണിറ്റുകളുടെ വിശദവിവരം അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

വ്യവസായ വാണിജ്യ വകുപ്പിനു കീഴിൽ ആരംഭിച്ച ചെറുകിട വ്യവസായ യൂണിറ്റുകൾ

| ജില്ല | 2011-12 | 2012-13 | 2013-14 | 2014-15 | യൂണിറ്റുകൾക്ക് അനുവദിച്ച ധനസഹായം (Rs.) |
|---|---|---|---|---|---|
| തിരുവനന്തപുരം | 97 | 81 | 68 | 109 | 8,31,47,463 |
| കൊല്ലം | 20 | 35 | 49 | 62 | 5,52,51,345 |
| പത്തനംതിട്ട | 17 | 20 | 43 | 36 | 3,48,83,050 |
| ആലപ്പുഴ | 27 | 37 | 32 | 40 | 94,54,000 |
| കോട്ടയം | 41 | 41 | 35 | 44 | 4,71,11,716 |
| ഇടുക്കി | 7 | 9 | 10 | 20 | 23,35,352 |
| എറണാകുളം | 234 | 174 | 236 | 196 | 25,07,00,000 |
| തൃശ്ശൂർ | 54 | 51 | 74 | 75 | 8,65,75,400 |
| പാലക്കാട് | 34 | 40 | 62 | 64 | 9,64,47,000 |
| മലപ്പുറം | 31 | 41 | 40 | 60 | 4,24,32,772 |
| കോഴിക്കോട് | 47 | 57 | 51 | 81 | 6,67,45,644 |
| വയനാട് | 11 | 10 | 9 | 13 | 1,54,16,243 |
| കണ്ണൂർ | 17 | 36 | 29 | 36 | 3,17,24,098 |
| കാസർഗോഡ് | 7 | 12 | 17 | 19 | 2,46,43,000 |
| **ആകെ** | **644** | **644** | **755** | **855** | **84,68,67,083** |

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനു കീഴിൽ ആരംഭിച്ച ചെറുകിട വ്യവസായ യൂണിറ്റുകൾ

| ജില്ല | യൂണിറ്റുകളുടെ എണ്ണം | വായ്പ (ലക്ഷത്തിൽ) |
|---|---|---|
| എറണാകുളം | 2 | 495.00 |
| ആലപ്പുഴ | 2 | 575.00 |
| തൃശ്ശൂർ | 1 | 280.00 |
| പാലക്കാട് | 2 | 840.00 |
| കോഴിക്കോട് | 1 | 275.00 |
| കോട്ടയം | 2 | 1798.90 |
| തിരുവനന്തപുരം | 1 | 164.47 |

## സിഡ്കോയുടെ കീഴിൽ ആരംഭിച്ച ചെറുകിട വ്യവസായ യൂണിറ്റുകൾ

| ജില്ല | യൂണിറ്റുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 5 |
| കൊല്ലം | 1 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | 7 |
| കോട്ടയം | 2 |
| എറണാകുളം | 23 |
| തൃശ്ശൂർ | 25 |
| പാലക്കാട് | 13 |
| കോഴിക്കോട് | 4 |
| കാസർഗോഡ് | 1 |

കുറിപ്പ്:- യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള പദ്ധതികളൊന്നും സിഡ്കോ നടപ്പിലാക്കിയിട്ടില്ല. വ്യവസായ സംരംഭകർക്ക് ഭൂമി, ഷെഡ് എന്നിവ അനുവദിച്ച് നൽകുന്നു.

അനുബന്ധം - II

## കഴിഞ്ഞ 4 വർഷത്തിനിടെ KSIDC യുടെ സഹായത്തോടെ പ്രവർത്തനം ആരംഭിച്ച ഇടത്തരം/വൻകിട വ്യവസായ യൂണിറ്റുകൾ

| യൂണിറ്റിന്റെ പേര് | വായ്പ (ലക്ഷത്തിൽ) |
|---|---|
| അസെല്ലർ സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് | 900.00 |
| ഗേറ്റ് വേ ഡിസ്റ്റിപാർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് | 1800.00 |
| കെ.ജി.എ.ഹോട്ടൽസ് & റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | 1500.00 |
| റ്റീറ ഫുഡ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് | 660.00 |
| പ്രൊപ്പൈൽ പാക്ക് പ്രൈവറ്റ് ലിമിറ്റഡ് | 1185.00 |
| ഹോട്ടൽ ടെക് പ്രൈവറ്റ് ലിമിറ്റഡ് | 130.00 |
| മുടക്കാലിൽ ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | 260.00 |
| സൈബർ പ്രിസം ലിമിറ്റഡ് | 90.00 |
| കാലിക്കറ്റ് ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | 186.00 |
| സിൽവർ കാസിൽ ഹോളിഡെയ്സ് റിസോർട്ട്സ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ് | 1350.00 |
| സ്റ്റീൽ&ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | 306.00 |
| ജിയോ അക്വാട്ടിക് പ്രോഡക്റ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | 600.00 |
| യു.എൽ.സി.സി.എസ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് | 2000.00 |
| സാമുവൽ & ജോസഫ് ഹോട്ടൽ പ്രൈവറ്റ് ലിമിറ്റഡ് | 250.00 |
| കാർബോമിക്സ് പോളിമേഴ്സ് (ഇൻഡ്യ) ലിമിറ്റഡ് | 250.00 |
| ഗ്രീഷ്മം റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | 1400.00 |
| റ്റി.എം.വി.നാച്ചുറൽ ഓയിൽസ് & എക്സ്ട്രാക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | 195.00 |
| നിലമേൽ & കെമൽസ് | 175.00 |
| വൈ.റ്റി.എസ് | 650.00 |
| എംപി ഹോൾഡിങ്ങ്സ് | 189.00 |
| കോർബൽ ഫ്രീ ലാമിനേറ്റഡ് ബോർഡ് പ്രൈവറ്റ് ലിമിറ്റഡ് | 200.00 |
| സൺപവർ സിമന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | 774.00 |
| എവർഷൈൻ പെട്രോളിയം പ്രൈവറ്റ് ലിമിറ്റഡ് | 80.00 |
| ട്രാവൽ സ് കേപ്സ് ഹോട്ടൽസ് റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | 800.00 |
| എക്സൽ ഗ്ലാസസ് ലിമിറ്റഡ് | 725.00 |
| ഇൻഡ്യ മിഡിൽ ഈസ്റ്റ് ബ്രോഡ്കാസ്റ്റിങ്ങ് നെറ്റ് വർക്ക് പ്രൈവറ്റ് ലിമിറ്റഡ് | 210.00 |
| സോളാർ ഓഫ് സെറ്റ് പ്രിന്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 125.00 |